**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1569** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന - പേർ ഡ്രോപ്പ് മോർ ക്രോപ്പ് (മൈക്രോ ഇറിഗേഷൻ) [(PMKSY-PDMC(MI)] പദ്ധതി പ്രകാരം കൃഷിയിടങ്ങളിൽ ഡ്രിപ്പ് ഇറിഗേഷൻ സ്ഥാപിക്കുന്നതിന് കർഷകർക്ക് സബ്സിഡി നൽകുന്നു. പദ്ധതി നടത്തിപ്പിനായുള്ള മാർഗ്ഗ രേഖയും ടാർജറ്റും എല്ലാ ജില്ലകൾക്കും നൽകിയിട്ടുണ്ട്. കർഷകരിലേക്ക് പദ്ധതിയുടെ വിശദാംശങ്ങൾ എത്തിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; അതിന്റെ നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ? | (ബി) | പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന - പേർ ഡ്രോപ്പ് മോർ ക്രോപ്പ് (മൈക്രോ ഇറിഗേഷൻ) [PMKSY-PDMC(MI)] പദ്ധതി പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി പദ്ധതി തുകയുടെ 55 % വരെ കർഷകർക്ക് സബ്സിഡി നൽകി ഡ്രിപ്പ് ഇറിഗേഷൻ രീതി വ്യാപിപ്പിക്കുക എന്നതാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ചെറുകിട നാമമാത്ര കർഷകർക്ക് 55%, മറ്റ് കർഷകർക്ക് 45% എന്നിങ്ങനെയാണ് ആനുകൂല്യം നൽകുന്നത്. ബാക്കി തുക ഗുണഭോക്തൃ വിഹിതവുമായിട്ടാണ് ഡ്രിപ്പ് ഇറിഗേഷൻ നടപ്പിലാക്കുന്നത്. ഒരു ഗുണഭോക്താവിന് പരമാവധി 5 ഹെക്ടർ എന്ന പരിധിയിൽ ധനസഹായം പരിമിതപ്പെടുത്തിയിട്ടുണ്ട്.<br><br>PMKSY- PDMC(MI) പദ്ധതിയിൽ സമർപ്പിക്കേണ്ട അപേക്ഷ ഫോറം ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും, കൃഷി ഭവൻ മുഖേനയും കർഷകർക്ക് ലഭിക്കും. അപേക്ഷയോടൊപ്പം നിർദ്ദിഷ്ട രേഖകളും സമർപ്പിക്കേണ്ടതാണ്.<br><br>അപേക്ഷ സമർപ്പിച്ചതിനു ശേഷം PMKSY-PDMC(MI) പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള |

| | | | |
|---|---|---|---|
| | | | മൈക്രോ ഇറിഗേഷൻ ഡീലർമാരുടെ ലിസ്റ്റിൽ നിന്ന് താല്പര്യമുള്ള ഡീലറെ അപേക്ഷകന് തിരഞ്ഞെടുക്കാം. തിരഞ്ഞെടുക്കപ്പെടുന്ന ഡീലർ കർഷകന്റെ ഭൂമി സന്ദർശിച്ച്, അളവുകൾ എടുത്ത് മൈക്രോ ഇറിഗേഷൻ സംവിധാനത്തിന്റെ എൻജിനീയറിങ് ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിങ് കാര്യാലയത്തിൽ സമർപ്പിക്കുന്നു. ടി കാര്യാലയത്തിലെ എഞ്ചിനീയർ സ്ഥലം സന്ദർശിച്ച ശേഷം ഡിസൈൻ വിലയിരുത്തി അംഗീകാരം നൽകുന്നതോടെ ഡീലർക്കും കർഷകനും വർക്ക് പെർമിറ്റ് നൽകുന്നു. പ്രവർത്തി പൂർത്തിയാക്കിയ ശേഷം കർഷകൻ തൃപ്തികരമായി പ്രവർത്തി പൂർത്തീകരിച്ചതായി രേഖാമൂലം അറിയിക്കുമ്പോൾ, എഞ്ചിനീയർ സ്ഥല സന്ദർശനം നടത്തി, ബില്ലുകൾ പരിശോധിച്ച് മൂല്യനിർണയം നടത്തുന്നു. യഥാർത്ഥത്തിൽ ചെലവഴിച്ച തുക, മൂല്യനിർണയ തുക ഇവയിൽ ഏതാണോ കുറവ് ആയതിന്റെ പദ്ധതിയുടെ മാർഗ്ഗ രേഖ പ്രകാരമുള്ള സബ്സിഡി കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. |

സെക്ഷൻ ഓഫീസർ